പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3016

20.12.2012 ൽ മറുപടിയ്ക്ക്

## റവന്യൂ പുറംപോക്ക് ഭൂമി ഉപയോഗം

ചോദ്യം

ശ്രീ.കെ.ദാസൻ

ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | കൊയിലാണ്ടി നഗര പ്രദേശത്ത് റവന്യൂ പുറംപോക്ക് ഭൂമിയുള്ളതായി രേഖയുണ്ടോ; എങ്കിൽ അത് വ്യക്തമാക്കാമോ; | എ) | ഉണ്ട്. പന്തലായനി വില്ലേജിൽ പന്തലായനി ദേശത്ത് റി സ 17/എ1, 18/2ബി2 എന്നിവയിലായി റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ട്. |
| ബി) | പുറംപോക്കായി എത്ര സെന്റ് ഭൂമിയുണ്ട് എന്നത് വ്യക്തമാക്കാമോ; | ബി) | റി സ 17/എ1 യിൽ 27 സെന്റ് ഭൂമിയും റി.സ 18/ബി2 ൽ 15 സെന്റ് ഭൂമിയും ഉണ്ട്. |
| സി) | പ്രസ്തുത ഭൂമി ഉപയോഗപ്പെടുത്തി കൊയിലാണ്ടിയിൽ സർക്കാർ ഓഫീസുകളോ പൊതുജനത്തിന് പ്രയോജനപ്പെടുന്ന സംവിധാനങ്ങളോ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; | സി) | റി സ 18/2 ബി 2 ൽ പ്പെട്ട ഭൂമിയിൽ 9 സെന്റ് പാട്ടത്തിന് നൽകിയതാണ്. ബാക്കിയുള്ള ഭൂമി പഴയ സ്റ്റാൻഡിന് തെക്ക് ചേർന്ന് കിടക്കുന്നതാണ്. റി.സ. 17/എ1 ൽപ്പെട്ട ഭൂമിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്. |
| ഡി) | കൊയിലാണ്ടി താലൂക്ക് ആശുപത്രി മോർച്ചറി പരിസരത്തുള്ള 22 സെന്റ് ഭൂമി റവന്യൂ പുറംപോക്ക് ഭൂമിയാണോ എന്നത് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഭൂമി വികസനാവശ്യത്തിന് ഉപയോഗിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുമോ? | ഡി) | കൊയിലാണ്ടി താലൂക്ക് ആശുപത്രി മോർച്ചറി പരിസരത്ത്, റവന്യൂ രേഖകൾ പ്രകാരം 27 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ട്. ടി ഭൂമിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്. ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിയ്ക്കുന്ന മുറയ്ക്ക് മേൽ വിഷയം പരിശോധിക്കുന്നതാണ്. |

Rajeev

സെക്ഷൻ ഓഫീസർ